REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 29-01-2025** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **ഇന്ത്യയുടെ ദിശാനിർണയ ഉപഗ്രഹം NVS - 02 വിക്ഷേപിച്ചു. ശ്രീഹരിക്കോട്ടയിൽ നിന്ന് നൂറാമത് വിക്ഷേപണം നടത്തി ചരിത്രം കുറിച്ച് ISRO.**
- **രാജ്യത്തിന്റെ വികസന യാത്രയിൽ സ്പോർസ് അവിഭാജ്യ ഘടകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. 38-ാമത് ദേശീയ ഗെയിംസ് ഡെറാഡൂണിൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.**
- **പാലക്കാട് നെന്മാറ ഇരട്ടക്കൊലപാതക കേസിലെ പ്രതി ചെന്താമര പോലീസ് പിടിയിൽ. നെന്മാറ S.H.O യെ സസ്പെൻഡ് ചെയ്തു.**
- **ഇന്ന് ദേശീയ മാധ്യമ ദിനം.**
- **സംസ്ഥാനത്ത് ജിമ്മുകളിൽ നടത്തിയ പരിശോധനയിൽ പല രോഗങ്ങൾക്കും ഉപയോഗിക്കുന്ന മരുന്നുകൾ ഉൾപ്പെടെ പിടിച്ചെടുത്തതായി മന്ത്രി വീണാ ജോർജ്.**
- **മൂന്നാം ട്വന്റി-20 ക്രിക്കറ്റിൽ ഇംഗ്ലണ്ട് ഇന്ത്യയെ 26 റൺസിന് തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

**ഇന്ത്യയുടെ ദിശാനിർണയ ഉപഗ്രഹമായ NVS - 02 വിക്ഷേപിച്ചു. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ വിക്ഷേപണ കേന്ദ്രത്തിലെ രണ്ടാമത്തെ ലോഞ്ച്പാഡിൽ നിന്ന് രാവിലെ 6.23 ന് GSLV എഫ് -15 റോക്കറ്റ് ഉപയോഗിച്ചായിരുന്നു NVS 02 ന്റെ വിക്ഷേപണം. സതീഷ്**

ധവാൻ റോക്കറ്റ് വിക്ഷേപണ കേന്ദ്രത്തിലെ നൂറാമത്തെ വിക്ഷേപണമാണിത്.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)....

ഇന്ത്യയുടെ സ്വതന്ത്ര പ്രാദേശിക നാവിഗേഷൻ ഉപഗ്രഹ സംവിധാനമാണ് നാവിഗേഷൻ വിത്ത് ഇന്ത്യൻ കോൺസ്റ്റലേഷൻ അഥവാ നാവിക്. രാജ്യത്തെ ഉപയോക്താക്കൾക്ക് കൃത്യമായ സ്ഥാനം, വേഗം, സമയക്രമം എന്നിവ നൽകാൻ ലക്ഷ്യമിട്ട് രൂപകൽപന ചെയ്ത ഉപഗ്രഹത്തിന് ഇന്ത്യൻ ഭൂപ്രദേശത്തിന് അപ്പുറത്തേക്ക് ഏകദേശം 1,500 കിലോമീറ്റർ മേഖലയിലും സേവനം ലഭ്യമാക്കാനാകും.

2019 ൽ വിക്ഷേപിച്ച IRNSS.1E ഉപഗ്രഹത്തിന് പകരമായാണ് ഇപ്പോൾ രണ്ടാം തലമുറയിലെ അത്യാധുനിക ഉപഗ്രഹമായ NVS 02 അയക്കുന്നത്. 2023 മെയ് 29 ന് NVS-01 ഉപഗ്രഹം വിക്ഷേപിച്ചിരുന്നു.

✪✪✪

രാജ്യത്തിന്റെ വികസന യാത്രയിൽ അവിഭാജ്യ ഘടകമായാണ് സ്പോർട്സിനെ കാണുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. മൂന്നാമത്തെ വലിയ സാമ്പത്തിക ശക്തിയായി രാജ്യം മാറിക്കൊണ്ടിരിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. 38-ാമത് ദേശീയ ഗെയിംസ് ഉത്തരാഖണ്ഡിന്റെ തലസ്ഥാനമായ ഡെറാഡൂണിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. ഖേലോ ഇന്ത്യ പോലെ സംരംഭങ്ങൾക്ക് കീഴിൽ കായികരംഗത്ത് ആധുനിക സൗകര്യങ്ങൾ സൃഷ്ടിക്കാൻ സാധിച്ചുവെന്നും കഴിഞ്ഞ ദശകത്തിൽ കായികരംഗത്തെ ബജറ്റ് മൂന്നിരട്ടിയായെന്നും പ്രധാനമന്ത്രി അറിയിച്ചു .

ഡെസ്ക്ക് റിപ്പോർട്ട്.

....(വോയ്സ്).......

ബാഡ്മിന്റൺ ഒളിമ്പ്യൻ ലക്ഷ്യ സെൻ ദീപശിഖ പ്രധാനമന്ത്രിക്ക് കൈമാറി. അന്താരാഷ്ട്ര ബാസ്കറ്റ്ബാൾ താരം പി.എസ് ജീനയും വുഷു താരം മുഹമ്മദ് ജാസിലുമായിരുന്നു കേരളത്തിന്റെ പതാക വാഹകർ. മത്സരങ്ങൾ ഈ മാസം 26ന് ആരംഭിച്ചിരുന്നു. 437 കായിക താരങ്ങളും 113 ഒഫീഷൽസും ഉൾപ്പെടെ 550 അംഗ സംഘമാണ് കേരളത്തിനായി ദേശീയ ഗെയിംസിൽ പങ്കെടുക്കുന്നത്. 29 കായിക ഇനങ്ങളിൽ കേരള താരങ്ങൾ മാറ്റുരയ്ക്കും. ഇന്നലെ നടന്ന ബീച്ച്

ഹാന്റ് ബോൾ ലീഗ് വനിതകളുടെ പൂൾ ബി യിലും വനിതാ ബാസ്ക്കറ്റ് ബോളിലും  കേരളം ചത്തീസ്ഗഢിനെ പരാജയപ്പെടുത്തി.

കേരളം ഇന്ന് വനിതാ, പുരുഷ വാട്ടർ പോളോയിൽ മത്സരത്തിനിറങ്ങും.

കേരളത്തിന്റെ മെഡൽ പ്രതീക്ഷയായ നീന്തൽ താരം സാജൻ പ്രകാശ് ഇന്ന് മത്സരത്തിനിറങ്ങും. 200 മീറ്റർ ഫ്രീസ്റ്റൈൽ 100 മീറ്റർ ബട്ടർഫ്ളൈ സ്ട്രോക്ക് എന്നീ ഇനങ്ങളിലാണ് സാജൻ മത്സരിക്കുന്നത്.വോളിബോളിൽ കേരളത്തിന്റ പുരുഷ വനിതാ ടീമുകളും ബാസ്ക്കറ്റ് ബോളിൽ വനിതകളും ഇന്ന് കളത്തിലിറങ്ങും. പുരുഷ വിഭാഗം ഖൊ ഖൊ യിൽ രണ്ടാം മത്സരത്തിൽ കേരളം മഹാരാഷ്ട്രയെ നേരിടും.  വനിതാ വിഭാഗം ബീച്ച് ഹാന്റ് ബോളിൽ മൂന്നാം മത്സരത്തിൽ ബംഗാളാണ് കേരളത്തിന്റെ എതിരാളി. റഗ്ബിയിൽ പുരുഷ വിഭാഗം മഹാരാഷ്ട്രയെയും വനിതാ വിഭാഗം ബംഗാളിനെയും നേരിടും. വനിതാ വിഭാഗം വാട്ടർ പോളോയിൽ കേരളം തമിഴ്നാടിനെയും പുരുഷന്മാർ മണിപ്പൂരിനെയും നേരിടും.  വുഷു ഇനത്തിലും കേരളത്തിന് ഇന്നു മത്സരമുണ്ട്. പ്രദർശന മത്സരമായി കളരിയും ഇന്ന് ആരംഭിക്കും.

✪✪✪

റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി ബീറ്റിംഗ് റിട്രീറ്റ് ചടങ്ങ് ഇന്ന് ന്യൂഡൽഹിയിലെ വിജയ് ചൗക്കിൽ നടക്കും.  രാഷ്ട്രപതി ദ്രൗപതി മുർമു,  ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാർ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

✪✪✪

പാലക്കാട് നെന്മാറ ഇരട്ടക്കൊലപാതക കേസിലെ പ്രതി പോത്തുണ്ടി തിരുത്താംപാടത്ത് ചെന്താമര പോലീസ് പിടിയിലായി.ഇന്നലെ രാത്രി പതിനൊന്നുമണിയോടെ വീടിന് സമീപത്ത് നിന്നാണ് പ്രതിയെ പിടികൂടിയത്.

അതേസമയം  സംഭവത്തിൽ ഉണ്ടായ പോലീസ് വീഴ്ചയിൽ നെന്മാറ സ്റ്റേഷൻ ഇൻസ്പെക്ടർ എം.മഹേന്ദ്ര സിംഹനെ  ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ടിനെ തുടർന്ന് സസ്പെൻഡ് ചെയ്തു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാപ്രതിനിധി ഫൈസൽ അലിമുത്ത്.

.......വോയ്സ് .........

✪✪✪

ഇന്ന് ദേശീയ മാധ്യമ ദിനം. 1780-ൽ ജെയിംസ് അഗസ്റ്റസ് ഹിക്കി രചിച്ച ബംഗാൾ ഗസറ്റ് എന്ന ഇന്ത്യയിലെ ആദ്യത്തെ പത്രം പ്രസിദ്ധീകരണം ആരംഭിച്ച ദിവസമായ ജനുവരി 29 ആണ് എല്ലാ വർഷവും ദേശീയ മാധ്യമ ദിനമായി ആചരിക്കുന്നത്.

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇന്ന് മാധ്യമദിനാഘോഷം സംഘടിപ്പിക്കും. തിരുവനന്തപുരത്ത് നിയമസഭാ സ്പീക്കർ A.N ഷംസീർ ഉദ്ഘാടനം ചെയ്യും.

✪✪✪

ജിമ്മുകളിലെ അനധികൃത മരുന്നുകൾ കണ്ടെത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനുമായി സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് സംസ്ഥാന വ്യാപകമായി പ്രത്യേക പരിശോധന നടത്തിയതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. 50 ജിമ്മുകളിൽ നടത്തിയ പരിശോധനയിൽ പല രോഗങ്ങൾക്ക് ഉപയോഗിക്കുന്ന മരുന്നുകളുൾപ്പെടെ ഒന്നര ലക്ഷത്തോളം രൂപയുടെ മരുന്നുകൾ പിടിച്ചെടുത്തെന്ന് മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.....(വോയ്സ്)......

ശരീര സൗന്ദര്യ മത്സരങ്ങളുടെ ഭാഗമായി ജിമ്മുകൾ കേന്ദ്രീകരിച്ച് ഉത്തേജക മരുന്നുകൾ അനധികൃതമായി ഉപഭോക്താക്കൾക്ക് നൽകുന്നുണ്ടെന്ന് രഹസ്യ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പ് പരിശോധന നടത്തിയത്. പിടിച്ചെടുത്ത മരുന്നുകൾ എല്ലാം തന്നെ സ്റ്റിറോയ്ഡുകൾ അടങ്ങിയവയാണ്. ഡോക്ടറുടെ കുറിപ്പടി പ്രകാരം മാത്രം കഴിക്കേണ്ട മരുന്നുകളാണ് ഇവ. ഇത്തരം മരുന്നുകൾ അംഗീകൃത ഫാർമസികൾക്ക് മാത്രമാണ് വിൽക്കാൻ അധികാരം. ഇത്തരം മരുന്നുകളുടെ ഉപയോഗം കൊണ്ട് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നും മന്ത്രി പറഞ്ഞു. ഈ ജിമ്മുകൾക്കെതിരെ കേസെടുത്ത് കർശന നിയമ നടപടി സ്വീകരിച്ച് വരുന്നതായും വീണാജോർജ് വ്യക്തമാക്കി.

✪✪✪

കൊച്ചി വാട്ടർ മേട്രോ കാക്കനാട് സ്റ്റേഷനെ കിൻഫ്ര - ഇൻഫോപാർക്ക്, കാക്കനാട് സിവിൽ സ്റ്റേഷൻ എന്നിവയുമായി ബന്ധിപ്പിക്കുന്ന മെട്രോ കണക്ട് ഇലക്ട്രിക് ബസ് ഇന്ന് ആരംഭിക്കും. മൂന്ന് ബസുകളാണ് സർവീസിന് ഉപയോഗപ്പെടുത്തുന്നത്.

✪✪✪

ഭിന്നശേഷിക്കാരുടെ അവകാശ നിയമ ബോധവൽക്കരണത്തിനായി തയ്യാറാക്കിയ രണ്ട് ഷോർട്ട് ഫിലിമുകൾ മന്ത്രി ഡോ:R.ബിന്ദു പ്രകാശനം ചെയ്തു.

സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിന്റെ ആഭിമുഖ്യത്തിൽ KSFDC യുമായി സഹകരിച്ച് ഭിന്നശേഷി അവകാശ നിയമത്തിലെ 19, 37 വകുപ്പുകളെ അടിസ്ഥാനമാക്കിയാണ് മൂന്ന് മിനിട്ട് വീതം വരുന്ന രണ്ട് ഷോർട്ട് ഫിലിമുകൾ നിർമ്മിച്ചത്.

✪✪✪

30 ദശലക്ഷത്തോളം വരുന്ന മലയോര കർഷകരെ സംസ്ഥാന ഗവൺമെന്റ് അവഗണിക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ കുറ്റപ്പെടുത്തി. വന്യമൃഗ ആക്രമണത്തിൽ സാധാരണക്കാർക്ക് ജീവൻ നഷ്ടപെടുമ്പോൾ മുഖ്യമന്ത്രിയും വനം മന്ത്രിയും നിസ്സംഗത പാലിക്കുകയാണെന്നും അദ്ദേഹം ആരോപിച്ചു.

വന്യമൃഗ ആക്രമണത്തിൽ നിന്നും കാർഷിക തകർച്ചയിൽ നിന്നും മലയോര ജനതയെയും കർഷകരെയും സംരക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങളുമായി നടത്തുന്ന മലയോര സമര യാത്രയ്ക്ക് കോഴിക്കോട് കോടഞ്ചേരിയിൽ നൽകിയ സ്വീകരണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

UDF അധികാരത്തിൽ വന്നാൽ നിയമത്തിൽ കാലാനുസൃതമായ മാറ്റം വരുത്തി വനവും കൃഷിഭൂമിയും വേർതിരിക്കുന്നതിന് വേണ്ട വ്യക്തമായ നിലപാട് സ്വീകരിക്കുമെന്നും സതീശൻ പറഞ്ഞു.

✪✪✪

മൂന്നാം ട്വന്റി-20 ക്രിക്കറ്റ് മത്സരത്തിൽ ഇംഗ്ലണ്ട് ഇന്ത്യയെ 26 റൺസിന് തോൽപ്പിച്ചു. ഗുജറാത്തിലെ രാജ്കോട്ടിൽ നിരഞ്ജൻ ഷാ സ്റ്റേഡിയത്തിൽ ഇംഗ്ലണ്ട് ഉയർത്തിയ 172 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ നിശ്ചിത ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 145 റൺസ് എടുത്തു.

അഞ്ച് മത്സര പരമ്പരയിൽ 2-1ന് ഇന്ത്യ മുന്നിലാണ്. നാലാം മത്സരം വെള്ളിയാഴ്ച പൂനെയിലാണ്.

✪✪✪

ISL ഫുട്ബോളിൽ ജംഷഡ്പൂർ FCയ്ക്ക് ജയം. ന്യൂഡൽഹിയിൽ ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് പഞ്ചാബ് FC യെ അവർ തോൽപ്പിച്ചത്.

ഇന്ന് വൈകിട്ട് ഏഴരയ്ക്ക് ഗുവാഹത്തിയിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് ഹൈദരാബാദ് FC യെ നേരിടും.

✪✪✪

ഐ ലീഗ് ഫുട്ബോളിൽ ഗോകുലം കേരള FC കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ ഇന്ന് ഇറങ്ങും. FC ബെംഗളൂരുവാണ് എതിരാളികൾ.

വൈകിട്ട് ഏഴിനാണ് മത്സരം.

✪✪✪

CPIM കോഴിക്കോട് ജില്ലാസമ്മേളനം ഇന്ന് വടകരയിൽ ആരംഭിക്കും. മുഖ്യമന്ത്രി പിണറായി വിജയൻ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്യും. 500 ഓളം പ്രതിനിധികൾ പങ്കെടുക്കും.

✪✪✪

വിശ്വാസങ്ങളുടെ പേരിൽ സ്ത്രീകളെ ചൂഷണം ചെയ്യുന്ന പ്രവണത അവസാനിപ്പിക്കണമെന്ന് സംസ്ഥാന വനിതാ കമ്മീഷൻ അംഗം P. കുഞ്ഞായിഷ പറഞ്ഞു. കാസർകോട് നടത്തിയ ജില്ലാതല സിറ്റിങിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അവർ.

✪✪✪

നമ്മുടെ ഹൃദയത്തിലെ പച്ചയായ വികാരങ്ങളെ നിർലജ്ജമായി പറഞ്ഞുതരുന്നവയാണ് M.T യുടെ നോവലുകളെന്ന് മലയാളം സർവകലാശാല മുൻ വൈസ് ചാൻസലർ കെ. ജയകുമാർ പറഞ്ഞു. MT. ക്കും, P. ജയചന്ദ്രനും കൊല്ലത്തിന്റെ സ്നേഹാദരവായി 'ഓർമ്മത്തണൽ' എന്നപേരിൽ 'വേദിക' സാംസ്കാരിക കൂട്ടായ്മ സംഘടിപ്പിച്ച പരിപാടിയിൽ അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

✪✪✪

വന്യമൃഗപ്രശ്നത്തിന് ഗവൺമെന്റിനും വനം വന്യജീവി വകുപ്പിനും കൃത്യമായ കർമ്മ പദ്ധതിയും, തുടർ പ്രവർത്തനങ്ങളും വേണമെന്ന് MK രാഘവൻ MP പറഞ്ഞു. ജിബിൻ.പി.മൂഴിക്കലിന്റെ ഒമ്പതാം ചരമവാർഷികത്തോടനുബന്ധിച്ച് കോഴിക്കോട് നടന്ന' സംവാദ പരിപാടിയിൽ 'കാടിറങ്ങുന്ന ഭീതി' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

✪✪✪

ദേശീയപാതയിൽ കണ്ണൂർ പുതിയ തെരുവിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി വെള്ളിയാഴ്ച മുതൽ ഫെബ്രുവരി നാല് വരെ അഞ്ച് ദിവസം പരീക്ഷണാടിസ്ഥാനത്തിൽ ഗതാഗത പരിഷ്കാരം നടപ്പാക്കും.

പുതിയ തെരുവിൽ എട്ടിന പരിഷ്കാരങ്ങളാണ് താൽക്കാലികമായി നടപ്പാക്കുക.

✪✪✪

സംസ്ഥാനത്ത് ഇന്നും ചൂട് കൂടും. ഇന്ന് രണ്ട് മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

പകൽ 11 മുതൽ മൂന്ന് വരെ സൂര്യപ്രകാശം നേരിട്ട് ഏൽക്കുന്നത് ഒഴിവാക്കണമെന്നും നിർദ്ദേശമുണ്ട്.

✪✪✪

കോഴിക്കോട് മുഖദാർ നിന്നും ബുള്ളറ്റ് മോഷ്ടിച്ച രണ്ടു പേരെ പൊലീസ് അറസ്റ്റ് ചെയ്തു. തിരൂർ സ്വദേശികളായ മുഹമ്മദ് ഷിറാസ്, മുഹമ്മദ് ഷിബിലി എന്നിവരാണ് അറസ്റ്റിലായത്.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: ഹക്കീം കൂട്ടായി*
*Casual New Reader : നിമിഷ ജി*
*DEO : ഷീബ*